**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3804** **15.05.2017-ലെ മറുപടിക്ക്**

**'തോട്ട ഭൂമി മുറിച്ച് വിൽക്കുന്നതിനെതിരെ നടപടി'**

**ചോദ്യം**
**ശ്രീ. എ.എൻ. ഷംസീർ**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ തോട്ട ഭൂമി മുറിച്ച് വിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (എ) | കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81(1)(e) പ്രകാരം സീലിംഗ് പരിധിയിൽ നിന്ന് ഇളവ് നൽകിയ തോട്ടഭൂമി മുറിച്ചു വിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റിലെ 81-ാം വകുപ്പ് പ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി ഒഴിവാക്കി നൽകുന്ന ഭൂമി തുണ്ടുകളാക്കി വില്പനയിലൂടെയോ അല്ലാതെയോ കൈമാറ്റം ചെയ്യുന്ന സാഹചര്യങ്ങളിൽ, കൈമാറ്റം ചെയ്യുന്ന ഭൂമി അങ്ങനെയുള്ള ആവശ്യങ്ങൾക്കുതന്നെ ഉപയോഗിക്കാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ അത്രയും വിസ്തീർണ്ണം ഭൂമി ആർക്കാണോ സീലിംഗ് കേസിൽ ഇളവ് അനുവദിച്ചത് ആ കക്ഷിയുടെ അക്കൗണ്ടിൽ ഉൾപ്പെടുത്തി കേരള ഭൂപരിഷ്കരണ ആക്റ്റിലെ 87 -ാം വകുപ്പ് (Explanation II) പ്രകാരം എസ്.എം കേസ് എടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇളവ് നൽകിയ തോട്ടഭൂമി മുറിച്ചു വിൽക്കുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്കും താലൂക്ക് ലാൻഡ് ബോർഡുകൾക്കും നിർദ്ദേശം നൽകുകയും അതനുസരിച്ച് നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. വിവിധ ആവശ്യങ്ങൾക്കായി ഒഴിവാക്കി നൽകിയ ഭൂമി തുണ്ടുകളാക്കി കൈമാറ്റം നടത്തുകയും കൈമാറ്റത്തിലൂടെ ഭൂമി ആർജിക്കുന്ന ആൾ പ്രസ്തുത ഭൂമി അതേ ആവശ്യത്തിന് തന്നെ ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിന് ഉതകുന്ന തരത്തിൽ കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി കൊണ്ടു വരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**